SJD/3532/2023-SC2

14295/2023

## പത്രക്കുറിപ്പ്
## ഷോർട്ട് ഫിലിം - മത്സരം

2023 ഒക്ടോബർ 1 - അന്താരാഷ്ട്ര വയോജനദിനത്തോടനുബന്ധിച്ച് സാമൂഹ്യനീതി വകുപ്പ് കേരളത്തിലെ കോളേജുകളിൽ നിന്നും ഷോർട്ട് ഫിലിം മത്സരം നടത്തുന്നതിനായി ഹ്രസ്വചിത്രങ്ങൾ ക്ഷണിക്കുന്നു. **"പ്രായം മനസ്സിൽ ആണ്, നമ്മുടെ കരുതലാണ് അവരുടെ കരുത്ത്, ചേർത്ത് നിർത്താം വയോജനങ്ങളെ ഉറപ്പാക്കാം നീതി" എന്നീ വിഷയങ്ങളിലാണ് ഹ്രസ്വചിത്രങ്ങൾ ചിത്രീകരിക്കേണ്ടത്.** കേരളത്തിലുള്ള അംഗീകൃത കോളേജുകൾക്ക് എൻട്രികൾ അയയ്ക്കാവുന്നതാണ്. വ്യക്തിഗതമായോ/ഗ്രൂപ്പായോ ഷോർട്ട് ഫിലിം തയ്യാറാക്കി അയക്കാം. മികച്ച ചിത്രത്തിനുള്ള സമ്മാനത്തുക ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾക്ക് യഥാക്രമം 25000, 15000, 5000 എന്നിങ്ങനെ ആയിരിക്കും. **അവസാന തീയതി 2023 സെപ്റ്റംബർ 18 വൈകീട്ട് 5 മണി.** **sjdoldageday@gmail.com** എന്ന ജി മെയിലിലായിരിക്കണം എൻട്രികൾ അയക്കേണ്ടത്. പ്രസ്തുത മത്സരവുമായി ബന്ധപ്പെട്ട നിർദേശങ്ങൾ, നിബന്ധനകൾ എന്നിവ അടങ്ങിയ വിശദ നോട്ടിഫിക്കേഷൻ സാമൂഹ്യനീതി വകുപ്പിന്റെ വെബ്സൈറ്റിൽ www.swd.kerala.gov.in ലഭ്യമാണ്. വിജയികൾക്കുള്ള സമ്മാനദാനം അന്താരാഷ്ട്ര വയോജനദിനമായ ഒക്ടോബർ 1 ന് നടക്കുന്ന സംസ്ഥാന തല പരിപാടിയുടെ വേദിയിൽ വച്ച് നൽകുന്നതായിരിക്കും.

PREETHY WILSON

സാമൂഹ്യ നീതി ഡയറക്ടർക്ക് വേണ്ടി

14156/2023

## സാമൂഹ്യ നീതി വകുപ്പിന്റെ അന്താരാഷ്ട്ര വയോജനദിനം

**Short Film competition 2023**

2023 ഒക്ടോബർ 1, അന്താരാഷ്ട്ര വയോജന ദിനത്തിന്റെ ഭാഗമായി സാമൂഹ്യ നീതി വകുപ്പ് കേരളത്തിലെ കോളേജ് വിദ്യാർത്ഥികളിൽ നിന്നും ഷോർട്ട് ഫിലിം മത്സരത്തിനായി ഹ്രസ്വചിത്രം ക്ഷണിക്കുന്നു. വയോജനങ്ങൾ ഇന്ന് സമൂഹത്തിൽ നേരിടുന്ന വെല്ലുവിളികൾ തിരിച്ചറിയുന്നതിനും, മുതിർന്ന പൗരന്മാരുടെ അവകാശങ്ങൾ സംബന്ധിച്ചു ബോധവല്കരണം നടത്തുന്നതിനും ഇത് ലക്ഷ്യം വയ്ക്കുന്നു . മലയാള ഭാഷയിൽ തയ്യാറാക്കി ഇംഗ്ലീഷിൽ സബ് ടൈറ്റിൽ വരുന്ന രീതിയിലായിരിക്കണം ഷോർട്ട് ഫിലിമുകൾ തയ്യാറാക്കേണ്ടത്. ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്ന മികച്ച ചിത്രങ്ങൾക്ക് സമ്മാനത്തുക യഥാക്രമം 25000/- രൂപ(ഇരുപത്തയ്യായിരം രൂപ മാത്രം), 15000/-രൂപ (പതിനയ്യായിരം രൂപ മാത്രം),5000/- രൂപ (അയ്യായിരം രൂപ മാത്രം) എന്നിങ്ങനെയായിരിക്കും .

### മത്സരത്തിന്റെ നിബന്ധനകള്:

**1.ആർക്കൊക്കെ മത്സരിക്കാം:** കേരളത്തിലുള്ള അംഗീകൃത കോളേജുകൾക്ക് എൻട്രികൾ അയയ്ക്കാവുന്നതാണ്. വ്യക്തിഗതമായോ/ഗ്രൂപ്പായോ ഷോർട്ട് ഫിലിം തയ്യാറാക്കി അയക്കാം. ഒരു കോളേജിൽ നിന്നുള്ള ഒരു എൻട്രി മാത്രമേ പരിഗണിക്കുകയുള്ളൂ. മറ്റേതെങ്കിലും അവാർഡ് ലഭിച്ചിട്ടുള്ളതോ, സോഷ്യൽ മീഡിയയിൽ പങ്കുവയ്ക്കപ്പെട്ടതോ ആയ കലാസൃഷ്ടികൾ മത്സരത്തിലേയ്ക്ക് പരിഗണിക്കുന്നതല്ല.

2.മത്സരത്തിനയയ്ക്കുന്ന ഷോർട്ട് ഫിലിമുകൾ നിർദിഷ്ട മെയിൽ ഐഡിയിൽ മാത്രമേ അയക്കാവൂ. മത്സര ഫലം വരുന്നതുവരെ പ്രസ്തുത വീഡിയോകൾ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമിൽ പ്രസിദ്ധീകരിക്കരുത്.

3.മത്സരത്തിൽ പങ്കെടുക്കുന്നവർ അവരരുടെ കോളേജ് അധികാരി മുഖേന അപേക്ഷ/എൻട്രികൾ സമർപ്പിക്കേണ്ടതാണ്.

4.പ്രവേശന ഫീസ്: പ്രവേശന ഫീസ് ഇല്ല

**5.ഷോർട്ട് ഫിലിം പ്രമേയം:** (ചുവടെ ചേർക്കുന്ന സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന ഷോർട്ട് ഫിലിം തയ്യാറാക്കാവുന്നതാണ് )

- **പ്രായം മനസ്സിൽ ആണ്**

- നമ്മുടെ കരുതലാണ് അവരുടെ കരുത്ത്
- ചേർത്ത് നിർത്താം വയോജനങ്ങളെ ഉറപ്പാക്കാം നീതി
- മുതിർന്ന പൌരന്മാരുടെ അവകാശങ്ങൾ

**6.ദൈർഘ്യം :** ഷോർട്ട് ഫിലിമിന്റെ ദൈർഘ്യം 3 മിനിറ്റിൽ കൂടുതലാകരുത്.

**7.ഫിലിം ഫോർമാറ്റ്:** ഷോർട്ട് ഫിലിമുകൾ ഏത് രൂപത്തിലും (ഫിക്ഷൻ, ഡോക്യുമെന്ററി, ആനിമേഷൻ മുതലായവ) ഏതെങ്കിലും ഉപകരണമോ ക്യാമറ സജ്ജീകരണമോ ഉപയോഗിച്ച് (MP4 ഫോർമാറ്റിൽ, Full HD യിൽ ചിത്രീകരിക്കാം.

**8.തലക്കെട്ടുകളും മറ്റ് വിവരങ്ങളും :** ഷോർട്ട് ഫിലിമിന്റെ നിർമ്മാതാവ്/ എഴുത്തുകാരൻ/സംവിധായകൻ/ഗ്രൂപ്പ് എന്നിവയുടെ പേരുകൾ ഷോർട്ട് ഫിലിമിന്റെ ആദ്യമോ അവസാനമോ മാത്രമായി ഉൾപ്പെടുത്തേണ്ടതാണ്.

**9.ഷോർട്ട് ഫിലിം സമർപ്പിക്കേണ്ട രീതി : sjdoldageday@gmail.com** എന്ന ജി മെയിലിലേക്ക് **സാമൂഹ്യ നീതി വകുപ്പിന്റെ അന്താരാഷ്ട്ര വയോജന ദിനം- Short Film competition 2023 <name of applicant/ name of the college>"** എന്ന തലക്കെട്ടോടുകൂടി മേൽ നിർദേശ ഫിലിം ഫോർമാറ്റ് രീതിയിൽ അയച്ചു നൽകേണ്ടതാണ്. അപേക്ഷന്റെ പൂർണ്ണമായ തപാൽ വിലാസം, ടെലിഫോൺ, മൊബൈൽ നമ്പർ, കോളേജ് വിലാസം, എന്നിവ ഇ-മെയിലിൽ രേഖപ്പെടുത്തണം. എൻട്രികൾ ഓൺലൈൻ മോഡിൽ മാത്രമേ അയക്കാവൂ .

**അവസാന തീയതി : 2023 സെപ്റ്റംബർ 18**-ന് വൈകുന്നേരം **05:00** മണിക്ക് ശേഷം ലഭിക്കുന്ന എൻട്രികൾ സ്വീകരിക്കുന്നതല്ല.

**സ്ക്രീനിംഗ് അവകാശങ്ങൾ:** ലഭിക്കുന്ന ഷോർട്ട് ഫിലിമുകൾ സാമൂഹ്യ നീതി വകുപ്പിന്റെ വെബ്സൈറ്റിൽ/സോഷ്യൽ മീഡിയയിൽ അപ്ലോഡ് ചെയ്യുന്നതുൾപ്പെടെ ഉചിതമെന്ന് തോന്നുന്ന ഏത് ആവശ്യത്തിനും ഉപയോഗിക്കാനുള്ള അവകാശം വകുപ്പിന് ഉണ്ടായിരിക്കും. അപേക്ഷാ ഫോമിൽ നൽകിയിരിക്കുന്നതുപോലെ ഇതുമായി ബന്ധപ്പെട്ട ഒരു അണ്ടർടേക്കിംഗ് കൃത്യമായി ഒപ്പിടുകയും, സ്കാൻ ചെയ്ത പകർപ്പ് മെയിൽ വഴി ഷോർട്ട് ഫിലിമിനോപ്പം അയക്കുകയും വേണം. എന്നിരുന്നാലും പങ്കെടുക്കുന്നവർക്ക് അവരുടെ സിനിമകളിൽ അവകാശങ്ങൾ ഉള്ളതും, മറ്റേതെങ്കിലും മത്സരങ്ങളിൽ പങ്കെടുക്കുവാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതുമാണ് .

**അസാധുവായ എൻട്രികൾ:** അപൂർണ്ണമായ എൻട്രികൾ മുകളിൽ പറഞ്ഞിരിക്കുന്നതുപോലെ, നിബന്ധനകളും വ്യവസ്ഥകളും പാലിക്കാത്തവ,എന്നിവമത്സരത്തിനു പരിഗണിക്കുന്നതല്ല

**മത്സര ഫലങ്ങൾ:** സമൂഹ്യനീതി വകുപ്പിന്റെ IEC ടെക്നിക്കൽ കമ്മിറ്റി ലഭ്യമായ എൻട്രികൾ പരിശോധിച്ച് വിജയികളെ നിശ്ചയിക്കുന്നതും മത്സര ഫലങ്ങൾ

സാമൂഹ്യനീതി വകുപ്പിന്റെ വെബ്സൈറ്റിൽ www. swd.kerala.gov.in അപ്‌ലോഡ് ചെയ്യുന്നതുമാണ് .

**ഹ്രസ്വ ചിത്രത്തിന്റെ പോസ്റ്ററുകൾ:** അവാർഡിനായി അപേക്ഷിക്കുന്ന എൻട്രിയിൽ ചിത്രത്തിന്റെ പേര് (മലയാളം /ഇംഗ്ലീഷ് ) ഹ്രസ്വതീം, പ്രധാന സംഘത്തിന്റെ പേരുകൾ എന്നിവ ഉള്ളടക്കം ചെയ്യുന്ന നിറമുള്ള പോസ്റ്റർ (A-3 വലുപ്പം) കൂടി അയയ്ക്കേണ്ടതാണ്. (സോഫ്റ്റ് കോപ്പി).

**അവാർഡ് വിതരണം:** അവാർഡ് സ്കീമിലേക്കുള്ള എൻട്രി അയയ്ക്കുന്നതിനുള്ള ഏക അംഗീകൃത പ്രതിനിധി കോളേജ് മാത്രമായിരിക്കും. അവാർഡ് തുക, മൊമെന്റോ, സർട്ടിഫിക്കറ്റ് എന്നിവ കോളേജിന്റെ പേരിൽ അപേക്ഷകന് അന്താരാഷ്ട്ര വയോജന ദിനവുമായി ബന്ധപ്പെട്ട് നടക്കുന്ന സംസ്ഥാനതല പരിപടിയിൽ വച്ച് നൽകുന്നതായിരിക്കും.

**അപേക്ഷാ മാതൃക**

**സാമൂഹ്യ നീതി വകുപ്പിന്റെ അന്താരാഷ്ട്ര വയോജന ദിനം**

**Short Film competition 2023**

| | | |
|---|---|---|
| 1 | കോളേജിന്റെ പേര്/ ടെലിഫോൺ നമ്പർ /വിലാസം | |
| 2 | പങ്കെടുക്കുന്ന വിദ്യാർഥി / സംഘം പേര് വിവരങ്ങൾ | |
| 3 | മത്സരാർത്ഥിയുടെ ടെലിഫോൺ/ മൊബൈൽ നമ്പറുകളും ഇ-മെയിൽ വിലാസവും | |
| | മത്സരാർത്ഥിയുടെ പഠന വിവരങ്ങൾ | |

| | | |
|---|---|---|
| 4 | (പഠന വർഷം, വിഷയം മുതലയാവ ) | |
| 5 | ഷോർട്ട് ഫിലിമിന് തിരഞ്ഞെടുത്ത വിഷയം | |

**Undertaking from the applicant**

2023 ഒക്ടോബർ 1 അന്താരക്ഷ്ട്ര വയോജന ദിനാഘോഷത്തിന്റെ ഭാഗമായി സാമൂഹ്യ നീതി വകുപ്പ് സംഘടിപ്പിക്കുന്ന ഷോർട്ട് ഫിലിം മത്സരത്തിൽ പങ്കെടുക്കുന്നതിനായി, ....... .............................. .............. ..................................................പേരുള്ള ഞാൻ/ഞങ്ങൾ ........... ......... ......................................... ജില്ലയിലെ .................................. കോളേജ് വിദ്യാർത്ഥികളും മുകളിൽ നൽകിയിരിക്കുന്ന വിശദാംശങ്ങൾ പ്രകാരം, 'അപേക്ഷകൻ/ അപേക്ഷകർ എന്ന നിലയിൽ, ഷോർട്ട് ഫിലിം അയയ്ക്കാൻ എനിക്ക്/ഞങ്ങൾക്ക് അവകാശമുണ്ടെന്ന് ഇതിനാൽ അറിയിക്കുന്നു . മത്സരത്തിന്റെ എല്ലാ നിബന്ധനകളും വ്യവസ്ഥകളും വായിക്കുകയും അവയോട് യോജിക്കുകയും ചെയ്യുന്നു. സാമൂഹ്യ നീതി വകുപ്പിന് അതിന്റെ വെബ്സൈറ്റിൽ /സോഷ്യൽ മീഡിയയിൽ അപ്ലോഡ് ചെയ്യുന്നത് ഉൾപ്പെടെ ഉചിതമെന്ന് തോന്നുന്ന ഏത് ആവശ്യത്തിനും ഷോർട്ട് ഫിലിം ഉപയോഗിക്കാനുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്. ആയതുമായി ബന്ധപ്പെട്ട് ഏതെങ്കിലും രീതിയിൽ തർക്കം ഉണ്ടായാൽ പ്രശ്നം കൈകാര്യം ചെയ്യേണ്ട ബാധ്യത എന്റെ മാത്രം ഉത്തരവാദിത്തമാണ്. പ്രസ്തുത കലാസൃഷ്ടി മറ്റേതെങ്കിലും അവാർഡ് ലഭിച്ചിട്ടുള്ളതോ സോഷ്യൽ മീഡിയ യിൽ പങ്കുവയ്ക്കപ്പെട്ടതോ അല്ല എന്ന് സാക്ഷ്യപ്പെടുത്തുന്നു.

Signature of the applicant

Name of the applicant

**പ്രിൻസിപ്പലിന്റെ സാക്ഷ്യ പത്രം**

ഇതോടൊപ്പം സമർപ്പിക്കുന്ന കലാസൃഷ്ടി **സാമൂഹ്യ നീതി വകുപ്പിന്റെ അന്താരാഷ്ട്ര വയോജന ദിനം- Short Film competition 2023** ന് പരിഗണിക്കുന്നതിന് ശുപാർശ ചെയ്യുന്നു. പ്രസ്തുത കലാസൃഷ്ടി മറ്റേതെങ്കിലും അവാർഡ് ലഭിച്ചിട്ടുള്ളതോ സോഷ്യൽ

14156/2023

മീഡിയയിൽ പങ്കുവയ്ക്കപ്പെട്ടതോ അല്ല എന്ന് സാക്ഷ്യപ്പെടുത്തുന്നു

**Office seal** **Name and Signature of the Principal**